**<u>15 -ാം കേരള നിയമസഭ</u>**

**<u>1 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98</u>** **<u>10-06-2021 - ൽ മറുപടിയ്ക്ക്</u>**

**<u>വിഴിഞ്ഞം തുറമുഖ നിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ് | | **Shri Ahammad Devarkovil**<br>(തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം കരാർ കാലയളവിൽ പൂർത്തിയാക്കാത്തതിന്റെ കാരണം സർക്കാർ തേടിയിട്ടുണ്ടോ; | (എ) | 2015 ഡിസംബർ 5ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3ന് പൂർത്തികരിക്കേണ്ടതായിരുന്നു. എന്നാൽ സമയബന്ധിതമായി തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ തുറമുഖത്തിന്റെ പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയാക്കാതെ ഡ്രഡ്ജിംഗ്, കണ്ടെയ്നർ ബർത്ത്, യാർഡ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയില്ല. കോവിഡ്-19 മഹാമാരിയെ തുടർന്നുള്ള ലോക്ക്ഡൗൺ നിയന്ത്രണങ്ങൾമൂലം പരിമിതമായ രീതിയിൽ മാത്രമേ ഇപ്പോൾ നിർമ്മാണം സാധ്യമാകുന്നുള്ളൂ. ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) 21/07/2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ ക്വാറികൾ ആരംഭിക്കുന്നതിനും സാധിക്കാത്ത സാഹചര്യമാണുള്ളത്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യമായ പാറ ലഭ്യമാക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകളിലൂടെ സർക്കാർ ശ്രമിച്ചുവരുന്നു. |
| (ബി) | തുറമുഖ നിർമ്മാണം പൂർത്തിയാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | 2015 ഡിസംബർ 5ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3ന് പൂർത്തികരിക്കേണ്ടതായിരുന്നു. എന്നാൽ സമയബന്ധിതമായി തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ തുറമുഖത്തിന്റെ പ്രധാന ഘടകമായ പുലിമുട്ടിന്റെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയാക്കാതെ ഡ്രഡ്ജിംഗ്, കണ്ടെയ്നർ ബർത്ത്, യാർഡ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയില്ല. കോവിഡ്-19 മഹാമാരിയെ തുടർന്നുള്ള ലോക്ക്ഡൗൺ നിയന്ത്രണങ്ങൾമൂലം പരിമിതമായ രീതിയിൽ മാത്രമേ ഇപ്പോൾ നിർമ്മാണം സാധ്യമാകുന്നുള്ളൂ. ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) 21/07/2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ ക്വാറികൾ ആരംഭിക്കുന്നതിനും സാധിക്കാത്ത സാഹചര്യമാണുള്ളത്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യമായ പാറ ലഭ്യമാക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകളിലൂടെ സർക്കാർ ശ്രമിച്ചുവരുന്നു. |
| (സി) | തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുയെന്ന് വ്യക്തമാക്കുമോ? | (സി) | ബഹു. മുഖ്യമന്ത്രി, തുറമുഖ മന്ത്രി, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറി എന്നിവർ വിഴിഞ്ഞം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ സെക്രട്ടറിമാർ അംഗങ്ങളായ Project Implementation Committee യും Empowerd Committee യും നിലവിലുണ്ട്. സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ടുകളെ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള Additional Chief Secretary (Special Projects – Infrastructure) പദ്ധതിയുടെ പുരോഗതി ഓരോ മാസവും അവലോകനം ചെയ്തുവരുന്നു. ഇതു കൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് IAS കേഡറിലുള്ള ഒരു Special Project Director നെയും നിയമിച്ചിട്ടുണ്ട്. പാറ ലഭിക്കുന്നതിനുള്ള പ്രയാസമാണ് നിർമ്മാണത്തെ തടസ്സപ്പെടുത്തുന്നത്. അത് പരിഹരിക്കുവാൻ വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ